കില

Document 2019/101/5663 - GENERAL - File No. 2016/101/668
Approved by Director on 26/03/2019 15:01:33
http://www.kila.ac.in
sP0o-RbH-oqFH-tmmrN
KILA,Mulankunnathukkavu , Thrissur

നമ്പർ : കില/2016/101/668

## നോട്ടീസ്

വിഷയം :- കിലയിലേക്ക് തുണിസഞ്ചികൾ സപ്ലൈ ചെയ്യുന്നത്- സംബന്ധിച്ച്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലേക്ക് (കില) വിവിധ പരിശീലനങ്ങൾക്കാവശ്യമായ പൂർണ്ണമായും കോട്ടൺ തുണികൊണ്ട് നിർമ്മിച്ച ഗുണമേന്മയുള്ള സഞ്ചികൾ (ബാഗ്) ഒരു വർഷത്തേക്ക് സപ്ലൈ ചെയ്യുന്നതിനായി തുണി സഞ്ചികളുടെ ഒരു പ്രദർശനം 2019 ഏപ്രിൽ 26 ന് രാവിലെ 10.30 ന് കിലയിൽ വെച്ച് നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. തുണിസഞ്ചികളുടെ നിർമ്മാതാക്കൾക്കും വിതരണക്കാർക്കും അവരുടെ വിവിധ മോഡലിലുള്ള തുണി ബാഗുകൾ വില സഹിതം പ്രദർശനത്തിന് വെയ്ക്കാവുന്നതും കിലയിൽ നിന്നും അധികാരപ്പെടുത്തുന്ന കമ്മിറ്റിയംഗങ്ങൾ ബാഗുകൾ കണ്ട് നിലവാരത്തിലും വിലയിലും കിലയ്ക്ക് അനുയോജ്യമെന്ന് കണ്ടെത്തുന്നവ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുന്നതാണ്. ആവശ്യമെങ്കിൽ ഭേദഗതികൾ നിർദ്ദേശിക്കുന്നതുമാണ്. പ്രദർശനത്തിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് ഏപ്രിൽ 26 ന് മുൻപായി കിലയിൽ ലഭിക്കുന്ന രീതിയിൽ അവരുടെ ഉൽപ്പന്നങ്ങൾ അയച്ച് നൽകാവുന്നതുമാണ്. പ്രദർശനത്തിൽ പങ്കെടുക്കുന്ന വിവരം info@kila.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കുവാൻ താല്പര്യപ്പെടുന്നു. പ്രദർശനത്തിൽ പങ്കെടുക്കുന്നവരുടെ യാതൊരു ചെലവും കില വഹിക്കുന്നതല്ല. നിലവിൽ കില ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സഞ്ചികൾ ഓഫീസ് സമയങ്ങളിൽ നേരിട്ട് പരിശോധിക്കാവുന്നതാണ്.

ഡയറക്ടർ
കില

കില,
25.03.2019.